അബ്ദുർറഹ്മാൻ കൊടിയത്തൂർ

# ഇന്ത്യൻ സ്വാതന്ത്ര്യസമരവും ഖാദിയാനികളും

**1925-ൽ** പ്രസിദ്ധീകരണമാരംഭിച്ച ഖാദിയാനികളുടെ മലയാള മുഖപത്രം 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതുവരെ ബ്രിട്ടീഷ് സ്തുതിഗീതങ്ങൾ കൊണ്ട് നിറഞ്ഞുനിന്നിരുന്നു. ഖാദിയാനീ പ്രവാചകന്റെ കാലത്തും കാലശേഷവും അതവരുടെ പ്രഖ്യാപിത നിലപാടുതന്നെയായിരുന്നു. എന്നാൽ അമ്പതുകൾക്ക് ശേഷം പുറത്തിറങ്ങുന്ന ലക്കങ്ങൾ പരിശോധിച്ചാൽ അവയിൽ നല്ലൊരു ഭാഗം മൗദൂദി ഭർത്സനങ്ങൾക്കും ജമാഅത്തെ ഇസ്‌ലാമിയെ അധിക്ഷേപിക്കുന്നതിനുമാണ് നീക്കിവെക്കുന്നതെന്ന് കാണാം. ഈ പ്രവണത 1984-ന് ശേഷം അതിന്റെ മൂർധന്യത്തിലെത്തി. ഏറ്റവുമൊടുവിലിറങ്ങിയ മാർച്ച് ലക്കത്തിലെ 39-ൽ 12 പേജുകളും *പ്രബോധന*ത്തിന് മറുപടി പറയാനും മൗദൂദിയെയും ജമാഅത്തിനെയും അധിക്ഷേപിക്കാനുമാണ് വിനിയോഗിച്ചിരിക്കുന്നത്. തങ്ങൾ ദേശസ്നേഹികളും മതേതര വിശ്വാസികളും മിതവാദികളും തീവ്രവാദത്തെ എതിർക്കുന്ന ചേരിയിലുള്ളവരുമാണെന്നും ജമാഅത്തെ ഇസ്‌ലാമി ഇതിന്റെയൊക്കെ നേരെ എതിർവശത്താണെന്നും ആഗോള ഭീകരതയുടെ മാസ്റ്റർ ബ്രെയ്നാണെന്നും വരെ സ്ഥാപിച്ചെടുക്കാനുള്ള തത്രപ്പാടിലാണ് ഖാദിയാനികൾ.

ഖാദിയാനികളുടെ ബ്രിട്ടീഷനുകൂല നിലപാടിന് തെളിവായി അവരുടെ ആചാര്യൻ മിർസാ ഗുലാം എഴുതിയ എൺപതോളം പുസ്തകങ്ങളിൽനിന്നുതന്നെ നിരവധി ഉദ്ധരണികൾ എടുത്തു കാണിക്കാനാവും. മിർസാ ഗുലാം എഴുതി: "എന്റെ പ്രായത്തിന്റെ സിംഹഭാഗവും ബ്രിട്ടീഷ് ഗവൺമെന്റിന്റെ സംരക്ഷണത്തിനും അവർക്കെതിരെ ജിഹാദ് ഇല്ലാതാക്കുന്നതിനുമാണ് ഞാൻ ചെലവഴിച്ചത്. അതിനായി ഞാനെഴുതിയ ഗ്രന്ഥങ്ങളും ലഘുലേഖകളും ഒരുമിച്ചുകൂട്ടിയാൽ അമ്പത് അലമാരികൾ നിറയും. ഞാനവ അറബ് നാടുകളിലും കാബൂളിലുമൊക്കെ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്" (*തിരിയാഖുൽ ഖുലൂബ്*, പേജ് 15). ബ്രിട്ടീഷ് രാജ്ഞിയെ സ്തുതിക്കാതെ ഒരു ഗ്രന്ഥവും രചിക്കയില്ലെന്ന് അദ്ദേഹം അല്ലാഹുവിനോട് പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. "ഹിന്ദുക്കളും മുസ്‌ലിംകളും ചേർന്ന് ഇംഗ്ലീഷ് ഗവൺമെന്റിനെതിരെ നടത്തുന്ന വിപ്ലവങ്ങളിൽനിന്ന് വിട്ടുനിൽക്കാനും ഗവൺമെന്റിനെ സർവാത്മനാ അനുസരിക്കാനും അദ്ദേഹം സ്വന്തം അനുയായികളെ ആഹ്വാനം ചെയ്തിട്ടുണ്ട്" (തബ്‌ലീഗെ രിസാലത്ത്, വാള്യം 10, പേജ് 122,123). ഇസ്‌ലാമിനെ പകുത്തുകൊണ്ട്, അല്ലാഹുവിനെ അനുസരിക്കലും ബ്രിട്ടീഷ് ഗവൺമെന്റിനെ അനുസരിക്കലുമാണ് ഇസ്‌ലാമിന്റെ രണ്ട് ഭാഗങ്ങളെന്ന് സിദ്ധാന്തിക്കുകയും ചെയ്തിട്ടുണ്ട് മിർസാ ഗുലാം (ശഹാദത്തുൽ ഖുർആൻ).

## പൈതൃകമായി ലഭിച്ചത്

1857-ൽ ഒന്നാം സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്താനായി ഖാദിയാനടക്കം ചില ഗ്രാമങ്ങളുടെ സമീന്ദാറായിരുന്ന മിർസായുടെ പിതാവ് അമ്പത് അശ്വഭടന്മാരെ അയച്ചുകൊടുത്തിരുന്നു. അതിന് പ്രത്യുപകരമായി ബ്രിട്ടീഷു ഗവർണറുടെ ദർബാറിൽ അദ്ദേഹത്തിന് പ്രത്യേകം ഇരിപ്പിടമ

നുവദിക്കുകയും 200 രൂപ റിവാർഡ് നൽകുകയും ചെയ്തു. ഇക്കാര്യം തന്റെ ഗ്രന്ഥങ്ങളിൽ സാഭിമാനം എഴുതിചേർക്കുകയും ചെയ്തിട്ടുണ്ട് മിർസാ ഖാദിയാനി: "പിതാവിന്റെ മരണശേഷം ജ്യേഷ്ഠൻ ഗുലാം ഖാദിർ ഇംഗ്ലീഷ് പാട്ടാളത്തിൽ ചേർന്ന് സേവനമനുഷ്ഠിച്ചു. അവരിൽനിന്നൊക്കെ വ്യത്യസ്തനായി ലൗകിക ത്യാഗിയായ ഞാൻ എനിക്കാവുന്നവിധത്തിൽ നാവും തൂലികയുമുപയോഗിച്ച് ഗവൺമെന്റിനെ സേവിക്കാനും ഇംഗ്ലീഷ് ഗവൺമെന്റിനെ അനുസരിക്കാനും അവർക്കെതിരെ ജിഹാദ് നിരോധിക്കാനുമായി ഞാൻ നിരവധി ഗ്രന്ഥങ്ങൾ രചിച്ചു" (കിതാബുൽ ബരിയ, പേജ് 7). വിശുദ്ധ ഖുർആൻ നിർബന്ധമാക്കിയ ജിഹാദ് റദ്ദാക്കാൻ വരെ പുതിയ പ്രവാചകത്വവാദി ധൃഷ്ടനാവുകയും അതിനായി ഏറെ പണം ചെലവഴിച്ച് വിവിധ ഭാഷകളിൽ ലഘുലേഖകളും മറ്റും പ്രസിദ്ധീകരിച്ച് വിവിധ മുസ്‌ലിം നാടുകളിൽ സൗജന്യമായി വിതരണം നടത്തുകയും ചെയ്തു.

## കോൺഗ്രസ്സും മുസ്‌ലിം ലീഗും

1906-ൽ മുസ്‌ലിം ലീഗ് സ്ഥാപിക്കപ്പെട്ടപ്പോൾ അതും കോൺഗ്രസ്സിനെ പോലെ ഭരണകൂടത്തിന് ആപത്താവുമെന്ന് മിർസ ഭയപ്പെട്ടിരുന്നതായി രണ്ടാം ഖലീഫ മിർസാ ബശീറുദ്ദീൻ അനുസ്മരിക്കുന്നുണ്ട് പിൽക്കാലത്തെഴുതിയ സ്വന്തം ഗ്രന്ഥത്തിൽ. ഒരിക്കൽ ഖാദിയാൻ സന്ദർശിച്ച ജില്ലാ കലക്ടർ മിർസായോട് ചോദിച്ചു: "മുസ്‌ലിം ലീഗിനെപ്പറ്റി എന്താണഭിപ്രായം? എനിക്കതിനെപ്പറ്റി ഒന്നുമറിയില്ല- മസീഹ് പറഞ്ഞു. ഖാജാ കമാലുദ്ദീൻ ലീഗിൽ ചേർന്നിരുന്നു. അദ്ദേഹം അതിനെപ്പറ്റി നന്നാക്കി പറഞ്ഞുകൊടുത്തു. ഗവൺമെന്റിനോട് കൂറുള്ളവരാണ് ലീഗ് നേതാക്കളെന്ന് കലക്ടറും പറഞ്ഞു. പക്ഷേ മസീഹ് പറഞ്ഞത് ഒരിക്കൽ ലീഗും വളർന്ന് കോൺഗ്രസ്സിനെപ്പോലെ വഷളാകുമെന്നായിരുന്നു" (ഉദ്ധരണം: റിവ്യൂ ഓഫ് റിലീജിയൻ, ജനുവരി 1920).

കോൺഗ്രസ്സിനെപ്പോലെ സ്വാതന്ത്ര്യ സമരത്തിൽ ലീഗും പങ്കാളിയാവുമോ എന്നായിരുന്നു മിർസായുടെ ആശങ്ക. ലോകം മുഴുവൻ ബ്രിട്ടീഷാധിപത്യത്തിൻ കീഴിൽ വരാനായി അദ്ദേഹം പ്രാർഥിക്കാറുണ്ടായിരുന്നു. അറബ്-മുസ്‌ലിം നാടുകൾ ബ്രിട്ടന് കീഴടങ്ങിയപ്പോഴും ഖിലാഫത്ത് തകർന്നപ്പോഴുമൊക്കെ ഖാദിയാനി ഖലീഫയും അനുയായികളും ആഹ്ലാദം പങ്കിട്ടു. "കാബൂളും ബ്രിട്ടനും തമ്മിൽ യുദ്ധമുണ്ടായാൽ ബ്രിട്ടനെ സഹായിക്കൽ നമുക്ക് നിർബന്ധമാണ്. കാരണം നമ്മുടെ പ്രവർത്തനം നിരോധിച്ചവരാണ് കാബൂൾ ഭരണാധികാരികൾ"- അദ്ദേഹം ഖുത്‌ബയിൽ പറഞ്ഞു. ജിഹാദ് നിരോധിച്ച പിതാവിന്റെ മോൻ ബ്രിട്ടീഷുകാർക്ക് വേണ്ടി യുദ്ധം ചെയ്യുന്നത് റസൂൽ തിരുമേനിയുടെ വാക്കാലുള്ള പൂർത്തീകരണമാണെന്നും അതുവഴി രക്തസാക്ഷ്യം വഹിക്കുന്നവർ സ്വർഗസ്ഥരാണെന്നും പ്രഖ്യാപിച്ചു" (അൽഫസൽ 127.10.1914).

"ഉസ്മാനിയാ ഖിലാഫത്ത് നിലംപൊത്തിയാൽ പിന്നീടത് നീതിനിഷ്ഠയുള്ള സദ്‌വൃത്തരായ ബ്രിട്ടീഷുകാർക്ക് ലഭിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അവർ തുർക്കികളെക്കാൾ ഒരു പടി കൂടി ഇസ്‌ലാമിക സേവനതൽപരാണ്" (അൽഫസൽ 23.3.1915).

"ബഗ്ദാദ് അധീനപ്പെടുത്തിയശേഷം നമ്മുടെ സൈന്യം ബസ്റയിലേക്ക് നീങ്ങിയതായി വിവരം ലഭിച്ചിരിക്കുന്നു. ഇംഗ്ലീഷ് സർക്കാറിനെ സഹായിക്കാൻ അല്ലാഹു മലക്കുകളെ അയക്കുന്നുണ്ടെന്നാണ് ഈ വിജയങ്ങൾ കാണുമ്പോൾ തോന്നുന്നത്" (അൽഫസൽ 7.12.1918)

ഇങ്ങനെ പോകുന്നു ഖാദിയാനീ ഖലീഫയുടെ ഇംഗ്ലീഷ് ഗവൺമെന്റ് അനുകൂല ജൽപനങ്ങൾ. ഇതിനെ ഖാദിയാനികൾ ന്യായീകരിക്കാറുള്ളത് ഇങ്ങനെയാണ്: "അക്കാലത്ത് ദേശീയ പ്രസ്ഥാനം ഇന്ത്യയുടെ സ്വാതന്ത്ര്യം ലക്ഷ്യമാക്കി പ്രവർത്തിച്ചു തുടങ്ങിയിരുന്നില്ല. അതുകൊണ്ടാണ് തങ്ങളുടെ പ്രവാചകനും ഖലീഫയുമൊക്കെ ബ്രിട്ടീഷനുകൂല നിലപാട് സ്വീകരിച്ചത്." ഇത് അനുയായികളെ സമാധാനിപ്പിക്കാനുള്ള അടവ് മാത്രമാണ്. 1857 മുതൽ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരത്തിനെതിരിൽ ബ്രിട്ടീഷുകാരെ പട്ടാളത്തെ നൽകി സഹായിച്ചത് നാം കണ്ടല്ലോ. 1935-ൽ ഖലീഫ രണ്ടാമൻ ഖുത്‌ബയിൽ പറഞ്ഞു: "കോൺഗ്രസ്സുകാർ കുഴപ്പമുണ്ടാക്കിയ സന്ദർഭങ്ങളിലെല്ലാം ഞങ്ങൾ ഗവൺമെന്റിനെ സഹായിച്ചു. ഗാന്ധി മൂവ്മെന്റിന്റെ സന്ദർഭത്തിൽ 50,000 രൂപ മുടക്കി ലഘുലേഖകളും ട്രാക്റ്റുകളും പ്രസിദ്ധീകരിച്ചു. പ്രസംഗങ്ങളും പ്രചാരണ യോഗങ്ങളും സംഘടിപ്പിച്ചു. ജനങ്ങളെ ബോധവാന്മാരാക്കി" (അൽഫസൽ 29.1.1935).

അഹ്മദിയാ ജമാഅത്തിന്റെ കേന്ദ്ര സെക്രട്ടറി പ്രാദേശിക ഘടകങ്ങൾക്കയച്ച ഒരു സർക്കുലർ വിമത വിഭാഗമായ ലാഹോരി ഗ്രൂപ്പിന്റെ മുഖപത്രം ചോർത്തിയെടുത്ത് പ്രസിദ്ധീകരിച്ചു: "കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ രഹസ്യമായി അന്വേഷിച്ചറിഞ്ഞ് റിപ്പോർട്ട് ചെയ്യുക. ഗവൺമെന്റ്

ഉദ്യോഗസ്ഥരുടെ രാഷ്ട്രീയ പ്രവർത്തനവും അവർ കോൺഗ്രസ്സിനെ പിന്തുണക്കുന്നുണ്ടോ എന്ന വിവരവും അറിയിക്കുക."

പത്രം തുടരുന്നു: "ബ്രിട്ടീഷ് ഭരണത്തിനെതിരെ പോരാടുന്ന കോൺഗ്രസ്സുകാർക്ക് ഖാദിയാനികളെയും നേരിടേണ്ടിവന്നിരിക്കുന്നു. ഗ്രാമാന്തരങ്ങളിൽ കറങ്ങി നടക്കുന്ന ഖാദിയാനികൾ കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ നിഷ്പ്രഭമാക്കുന്നു. കോൺഗ്രസ്സുകാർക്ക് ഇപ്പോൾ വേടനെയും വേലിയെയും പേടിക്കേണ്ട സ്ഥിതിയാണുള്ളത്" (പൈഗാമെ സുൽഹ് 23.6.1936).

## പ്രാർഥന ബ്രിട്ടീഷുകാർക്ക് വേണ്ടി

ബ്രിട്ടീഷുകാരുടെ കിരാത മർദനങ്ങളും നിരവധി ധീരദേശാഭിമാനികളുടെ രക്തസാക്ഷ്യവും അറിയാത്തവരല്ല ഖാദിയാനികൾ. 1919-ലെ ജാലിയൻ വാലാബാഗ് കൂട്ടക്കുരുതിയും ഭഗത്സിംഗടക്കമുള്ള ദേശസ്നേഹികളെ ലാഹോർ സെൻട്രൽ ജയിലിൽ തൂക്കിക്കൊന്നതും പഞ്ചാബിലാണ് നടന്നതെന്നിരിക്കെ, പഞ്ചാബിലെ ഖാദിയാനിൽ വസിക്കുന്നവർക്ക് അതിന്റെ ഗൗരവം അറിയാതിരിക്കില്ലല്ലോ. സർക്കാർ ജനവിരുദ്ധ നടപടികൾ കൈക്കൊണ്ടപ്പോൾ, നിരാഹാരമടക്കമുള്ള നടപടികളുമായി മുന്നേറിയ ദേശീയ നേതാക്കൾ ഉപ്പുസത്യഗ്രഹവും നിസ്സഹകരണ പ്രസ്ഥാനവും ക്വിറ്റ് ഇന്ത്യാ സമരവുമൊക്കെയായി കടുത്ത മർദനങ്ങൾക്കിരയാവുമ്പോൾ ഖാദിയാനികളുടെ ഖലീഫ ബ്രിട്ടീഷുകാരുടെ വിജയത്തിനായി പ്രാർഥന നടത്തുകയായിരുന്നു.

1940 മെയ് 26-ന് ഖാദിയാനിൽ ഖലീഫയുടെ നേതൃത്വത്തിൽ പ്രാർഥനാ സമ്മേളനം നടന്നതിന്റെ റിപ്പോർട്ടും പ്രസ്തുത സമ്മേളനത്തിൽ ഖലീഫ നടത്തിയ സുദീർഘമായ പ്രസംഗവും പ്രാർഥനയും ജൂൺ ലക്കം *സത്യദൂത*നിൽ രേഖപ്പെട്ടു കിടക്കുന്നു. ഞായറാഴ്ച പ്രാർഥനാ സമ്മേളനം നടത്തിയത് ക്രിസ്തുമത വിശ്വാസികളായ ബ്രിട്ടീഷുകാരുടെ പുണ്യദിനമായതുകൊണ്ടാണെന്നും മുസ്‌ലിംകളുടെ പുണ്യദിനമായ വെള്ളിയാഴ്ച ഒരിക്കൽ കൂടി പ്രാർഥിക്കുമെന്നും ഖലീഫ പറഞ്ഞു.

"അവർ മുമ്പേ സൃഷ്ടിപൂജകരും മനുഷ്യനെ ദൈവമെന്നു വിശ്വസിക്കുന്നവരുമാണ്. എന്നിട്ടും ദൈവം അവർക്ക് ഭരണാധികാരം നൽകി. ദൈവത്തെ അവന്റെ മഹോന്നത സ്ഥാനത്തുനിന്നിറക്കി ബലഹീനനായ മനുഷ്യനെ ഉപവിഷ്ഠനാക്കി. എങ്കിലും ദൈവം അവർക്ക് അഭിവൃദ്ധിയും മേന്മയും നൽകിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെയും അഹ്മദിയത്തിന്റെയും പൊതുവെ ലോകത്തിന്റെയും താൽപര്യങ്ങളും നന്മകളും നോക്കുമ്പോൾ അവർക്കിനിയും കാലാവധി നീട്ടിക്കിട്ടേണ്ടത് തന്നെയാണെന്ന് തോന്നുന്നു...

"ജർമനിയുടെ കൈയാൽ സഖ്യസേനക്കു പരാജയം പറ്റിയ അവസരത്തിൽ ഞാൻ കറാച്ചിയിലായിരുന്നു. വളരെ മനോവ്യഥയോടെ ഉറക്കമിളച്ചു പ്രാർഥനാ നിരതനായി. പുലരാനടുത്തപ്പോൾ വെളിപാടുണ്ടായി. 'ഞങ്ങൾ അവരെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഞങ്ങളുടെ തന്നെ തെറ്റു വെളിപ്പെട്ടു'..... അതായത് ജമാഅത്ത് (ഖാദിയാനി) ബ്രിട്ടീഷ് ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയാണ്. എന്നാൽ ഇപ്പോൾ ജമാഅത്തിന്റെ തെറ്റ് വെളിപ്പെട്ടു എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. ഭരണത്തിലെ ചില ഉദ്യോഗസ്ഥരുമായുള്ള ജമാഅത്തിലെ ചിലരുടെ അസ്വാരസ്യങ്ങളാണ് ജമാഅത്തിൽതന്നെയുള്ളവർ ഗവൺമെന്റിനെതിരെ പ്രാർഥിക്കാൻ തുനിഞ്ഞത്. ഇത് അല്ലാഹുവിന് ഇഷ്ടപ്പെട്ടില്ല... ചുരുക്കത്തിൽ അഹ്മദിയത്ത് ഏതൊരു ഭിത്തിക്കുള്ളിൽ സുരക്ഷിതമായിരിക്കണോ അത് ബ്രിട്ടനും ഫ്രഞ്ചും തന്നെയാണ്" (*സത്യദൂതൻ* ജൂൺ 1940).

ഖാദിയാനിയായിട്ടും അൽപം ദേശസ്നേഹമോ മറ്റു താൽപര്യമോ കാരണമായി ബ്രിട്ടീഷുകാരുടെ കിരാതത്വത്തെ എതിർത്തതിനെതിരിലാണ് ഖാദിയാനി ഖലീഫ ദിവ്യ വഹ്‌യിലൂടെ ആക്ഷേപിക്കപ്പെട്ടത്. അദ്ദേഹം അനുയായികളെ ആഹ്വാനം ചെയ്യുന്നു: "എല്ലാവരും തങ്ങളുടെ വിരോധങ്ങളും വൈപരീത്യങ്ങളും വിസ്മരിച്ച് ബ്രിട്ടീഷുകാരുമായി സഹകരിക്കുകയും ഇന്ത്യൻ ജനതയെയും സാമ്രാജ്യത്വത്തെയും രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ബ്രിട്ടീഷ് ഭരണം ഇതര ഭരണങ്ങളേക്കാൾ കൂടുതൽ നല്ലതും അനുഗൃഹീതവുമാണ്... വാഗ്ദത്ത മസീഹ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ വിജയത്തിനായി പ്രാർഥിച്ചിട്ടുള്ളതും നമ്മെ പ്രസ്തുത അനുമാനത്തിലേക്കുതന്നെയാണ് നയിക്കുന്നത്..." (*സത്യദൂതൻ* നവംബർ 1939).

## അഹിംസക്കെതിരെ

കുറച്ചുകാലമായി അക്രമരാഹിത്യത്തിന്റെയും അഹിംസയുടെയുമൊക്കെ അപ്പോസ്തലന്മാരായി ചമയുന്ന ഖാദിയാനികൾ എന്നു തൊട്ടാണ് 'നല്ലപിള്ള'കളായതെന്ന് അന്വേഷിക്കുന്നത് കൗതു

കകരമായിരിക്കും. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തവുമായി ഇന്ത്യൻ ജനത ബ്രിട്ടനെതിരെ ശക്തമായി സമരം ചെയ്ത 1940–കളിൽ ഖാദിയാനി മുഖപത്രത്തിൽ വന്ന ലേഖനം ഇങ്ങനെ വായിക്കാം:

"അഹിംസ ഒരു സാർവത്രിക സിദ്ധാന്തമായിരിക്കാൻ കൊള്ളുന്നതല്ലെന്നും അഹിംസ കൊണ്ട് സാധിക്കാത്തത് ഹിംസ കൊണ്ട് സാധിക്കാവുന്നതാണെന്നും ഗാന്ധിജി കൂടി സമ്മതിക്കുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. തനിക്ക് തന്നെ വിശ്വാസമില്ലാത്ത ഒരു സിദ്ധാന്തത്തെ മുൻനിർത്തി ഗാന്ധിജി ഈ യുദ്ധത്തിൽ ബ്രിട്ടനെതിരായി നിൽക്കുന്നത് ഭയങ്കരമായ രാഷ്ട്രീയ പ്രമാദമാണെന്നതിൽ സംശയമില്ല... ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം മറ്റൊരു വിധത്തിൽ കൂടി ഇന്ത്യക്ക് വലുതായ ആപത്ത് വരുത്തിത്തീർത്തിട്ടുണ്ട്. ഇന്ത്യ ഏത് സമയത്തും ആർക്കും ആക്രമിച്ചടക്കാൻ കഴിയുന്ന ഒരു രാജ്യമാണെന്ന ബോധം ലോകത്ത് അത് സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ബ്രിട്ടനല്ലാതെ ഇന്ത്യക്കാർക്ക് ഇന്ത്യയെ രക്ഷിക്കാൻ യാതൊരു താൽപര്യവുമില്ലെന്നും ഇന്ത്യയെ ആക്രമിച്ചാൽ ആരും ചെറുവിരൽ പോലും അനക്കില്ലെന്നും ലോകം മനസ്സിലാക്കി കഴിഞ്ഞു. അതിനാൽ ഗാന്ധിജിയുടെ അഹിംസ ഇന്ത്യൻ മക്കളോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ ദ്രോഹമായിത്തീർന്നിരിക്കുന്നു" (*സത്യദൂതൻ* ജനുവരി 1942).

ഇങ്ങനെ ഗാന്ധിജിയെയും അദ്ദേഹത്തിന്റെ സമരരീതികളെയും നഖശിഖാന്തം എതിർത്തവരാണ് ഇപ്പോൾ സ്വയം ദേശസ്നേഹികളായി ചമഞ്ഞ് മറ്റുള്ളവരെ ദേശവിരുദ്ധരായി ചിത്രീകരിക്കുന്നത്. ദേശവിരുദ്ധമായത് കൊണ്ട് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കുകയും അവരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത് തടയുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഇക്കൂട്ടർ കോടതിയെ സമീപിച്ചിരിക്കുകയാണ്. അവർക്ക് പണവും പിന്തുണയും നൽകുന്നവർ ഖാദിയാനികളുടെ ചരിത്രമൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ഖാദിയാനീ മതത്തിന്റെ സ്ഥാപനം തന്നെ സാമ്രാജ്യത്വത്തിന്റെ താൽപര്യ പ്രകാരമായിരുന്നുവെന്ന് ചരിത്രം തെളിയിച്ചുകഴിഞ്ഞതാണ്. തങ്ങളുടെ ഒന്നാം നമ്പർ ശത്രു മുസ്‌ലിംകളാണെന്ന് മനസ്സിലാക്കിയ ബ്രിട്ടൻ, അവരെ ഭിന്നിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഖാദിയാനിയെ പ്രവാചകനായി നിയോഗിച്ചത്. അവരുടെ വഹ്‌യനുസരിച്ചാണ് ഖുർആൻ കൽപിച്ച ജിഹാദ് നിരോധിച്ചതും ഭരണകൂടത്തെ സർവാത്മനാ അനുസരിക്കുന്നത് ഖുർആന്റെ പാഠമായി സമർപ്പിച്ചതും. എന്നാൽ സായുധ പോരാട്ടത്തിന് പകരം അഹിംസയുടെ മാർഗം സ്വീകരിച്ചത്, വിജയത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കുമെന്നായപ്പോൾ അതിനെ ഭർത്സിക്കാനും അതിന്റെ ദൂഷ്യഫലങ്ങൾ അനാവരണം ചെയ്യാനുമാണ് ഖാദിയാനീ ഖലീഫയും പത്രങ്ങളും മുതിരുന്നത്.

## കോൺഗ്രസ്സിലോ ലീഗിലോ ചേരാമോ?

സ്വാതന്ത്ര്യ സമരം കത്തിനിന്ന 1940–കളിൽ അഹ്മദികൾക്ക് കോൺഗ്രസ്സിലോ മുസ്‌ലിം ലീഗിലോ ചേരാമോ എന്നതിനെക്കുറിച്ച് സുദീർഘമായി ചർച്ച ചെയ്യുന്നുണ്ട് ഖാദിയാനി മുഖപത്രം. ഇക്കാര്യം ശൂറായോഗത്തിൽ ചർച്ച ചെയ്തതിനെക്കുറിച്ച് ഏതോ പത്രത്തിൽവന്ന ലേഖനത്തിന് മറുപടിയായി ഖലീഫ ബശീറുദ്ദീൻ പറഞ്ഞു:

"തങ്ങൾ ഒരു ജമാഅത്ത് എന്ന നിലക്ക് കോൺഗ്രസ്സിലോ മുസ്‌ലിം ലീഗിലോ ചേരേണ്ടത് എന്നത് നമ്മുടെ ആലോചനക്ക് വിഷയമായിട്ടില്ല. അങ്ങനെയൊരു തെറ്റിദ്ധാരണ കൊണ്ടാണ് അഹ്മദിയാ ഖലീഫയും ഗാന്ധിജിയെ അനുസരിക്കുക സംഭവ്യമാണോ എന്ന് ലേഖകൻ ആശ്ചര്യം പ്രകടിപ്പിച്ചത്. ഖലീഫക്ക് ഒരിക്കലും ഗാന്ധിജിയുടെയോ മറ്റാരുടെയോ നേതൃത്വം കൈകൊള്ളാൻ നിവൃത്തിയില്ല. ഖലീഫയെ മറ്റുള്ളവർ അനുഗമിക്കുകയാണ് ചെയ്യേണ്ടത്.... ജമാഅത്ത് എന്ന നിലക്ക് അതുകൊണ്ടുതന്നെ നമുക്ക് കോൺഗ്രസ്സിലോ ലീഗിലോ ചേരാൻ നിർവാഹമില്ല. ഈ പ്രശ്നം നമുക്ക് ആലോചനാ വിഷയമാക്കേണ്ടിവന്നത് രാഷ്ട്രീയത്തിൽ തൽപരരായ ചില യുവാക്കൾക്ക് ഏതെങ്കിലും സംഘത്തിൽ ചേർന്നാൽ കൊള്ളാമെന്ന് വിചാരമുളവായതുകൊണ്ടാണ്..."

രണ്ട് പാർട്ടികളോടും ചില കാര്യങ്ങളിൽ ഉറപ്പു ലഭിച്ചാൽ പാർട്ടിയിൽചേരാമെന്ന് ഖലീഫ തുടർന്നെഴുതുന്നു. ഭാവി ഭരണത്തിൻ കീഴിൽ മതംമാറ്റത്തിനു സ്വാതന്ത്ര്യമുണ്ടാവുമെന്ന് കോൺഗ്രസ്സും, അഹ്മദികൾ മുസ്‌ലിംകൾ തന്നെയാണെന്ന് മുസ്‌ലിം ലീഗും സമ്മതിക്കണം.

"എന്നാൽ ഇതു സംബന്ധിച്ച് ഈ സംഘടനകളുമായി നീണ്ട കാലത്തെ കത്തിടപാടിൽനിന്ന് ഉണ്ടായ ഫലം ആശാവഹമല്ല. കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യ പരിപാടിയിൽ മതസ്വാതന്ത്ര്യം ഉൾപ്പെ

ടുത്താൻ അവർ തയാറല്ലെന്ന് വെളിപ്പെട്ടിരിക്കുന്നു. അതേപോലെ മുസ്‌ലിമെന്ന് സ്വയം സമ്മതിക്കുകയും ഇസ്‌ലാമികനിയമം കൈക്കൊള്ളുകയും ചെയ്യുന്നവരെയെല്ലാം രാഷ്ട്രീയാവശ്യത്തിന് മുസ്‌ലിംകളായി കരുതുമെന്ന സിദ്ധാന്തം നടപ്പിൽ വരുത്താനുള്ള കർമധീരത മുസ്‌ലിം ലീഗ് നേതൃത്വത്തിനുമില്ല. ന്യായമായ ചോദ്യങ്ങൾക്ക് ലഭിച്ച മറുപടിക്കത്തുകൾ നമ്മുടെ പക്കലുണ്ട്" (*സത്യദൂതൻ*, നവംബർ 1941 ഫെബ്രുവരി 1942).

ചുരുക്കത്തിൽ അഹ്മദികൾക്ക് കോൺഗ്രസ്സിലോ മുസ്‌ലിം ലീഗിലോ ചേരണമെങ്കിൽ ഈ ഉറപ്പ് ലഭിക്കണമെന്ന് പറഞ്ഞ് ഒഴിഞ്ഞുനിന്ന ഖാദിയാനി നേതൃത്വം അഞ്ചു വർഷം കൂടി കാത്തിരുന്നു. ഇന്ത്യ വിഭജിക്കപ്പെടുമെന്നുറപ്പായപ്പോൾ അവർ ബ്രിട്ടീഷ് യജമാനന്മാരുമായി ഉപജാപം നടത്തി. പാകിസ്താൻ രൂപവത്കരിക്കണമെങ്കിൽ അതിന്റെ ഭരണത്തിൽ ഖാദിയാനികൾക്ക് കൂടി പങ്കാളിത്തം നൽകണമെന്ന് ബ്രിട്ടീഷ് ഭരണകൂടം ശഠിക്കാൻ നിമിത്തമായത് അതിന്റെ ഫലമായിരുന്നു.

## സ്വാതന്ത്ര്യത്തിന് ശേഷം നിറം മാറുന്നു

പിന്നെ സംഭവിച്ചതിന് ചരിത്രം സാക്ഷി. കലിമ ഉച്ചരിച്ചവർക്കെല്ലാം മുസ്‌ലിം ലീഗിൽ ചേരാമെന്ന് മുഹമ്മദലി ജിന്ന പ്രഖ്യാപിക്കുന്നു. നേരത്തെ രാഷ്ട്രീയം പയറ്റിയിരുന്ന ഖാദിയാനി നേതാവ് സർ സഫറുല്ലാ ഖാൻ രായ്ക്കുരാമാനം മുസ്‌ലിം ലീഗിൽ അംഗത്വമെടുക്കുന്നു. ലിയാഖത്ത് അലി ഖാന്റെ മന്ത്രിസഭയിൽ വിദേശകാര്യമന്ത്രിയായി ചുമതലയേൽക്കുന്നു. തന്റെ ഉറ്റവനായ സഫറുല്ലാ ഖാനെ ഉപയോഗിച്ച് പാകിസ്താൻ ഭരണത്തിന്റെ പിൻസീറ്റ് ഡ്രൈവിംഗായിരുന്നു ഖലീഫയുടെ ലക്ഷ്യം. ആദ്യം ഒരു ഖാദിയാനി സ്റ്റേറ്റ് എന്ന ലക്ഷ്യം വെച്ചുകൊണ്ട് 1948 ജനുവരി 22 ക്വറ്റയിൽ ചേർന്ന സമ്മേളനത്തിൽ 'ബലൂചിസ്താൻ' ഖാദിയാനി ഖിലാഫത്തിനുള്ള കാലം അടുത്തു കഴിഞ്ഞെന്ന് പ്രഖ്യാപിച്ചു മിർസാ ബശീറുദ്ദീൻ (അൽഫസൽ 13.8.1948).

സഫറുല്ലാ ഖാൻ, വിദേശ പാക് എംബസികളും കോൺസുലേറ്റുകളും ഖാദിയാനികളായ നയതന്ത്ര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും കൊണ്ട് നിറച്ചു. ഖാദിയാനിസത്തിന്റെ 'ദഅ്‌വത്ത്' അവരുടെ പ്രധാന പരിപാടിയായി നിശ്ചയിച്ചു. സ്വന്തം സ്വാധീനമുപയോഗിച്ച് സൈന്യത്തിലും മറ്റു ഉയർന്ന സ്ഥാനങ്ങളിലും പിടിമുറുക്കി. സൈന്യത്തിൽ 'ജൈശെ ഫുർഖാൻ' എന്ന ഖാദിയാനി റെജ്മെന്റിന് രൂപം നൽകി.

## മുസ്‌ലിംകളെ ഭീഷണിപ്പെടുത്തുന്നു

ഖലീഫ മുസ്‌ലിംകളെ പരസ്യമായി തന്നെ ഭീഷണിപ്പെടുത്താൻ തുടങ്ങി. "ശത്രുസമൂഹമേ, ഫതഹ് മക്കയിലെപ്പോലെ കുറ്റവാളികളായ നിങ്ങൾ ബന്ദികളായി എന്റെ മുമ്പിൽ ഹാജരാക്കപ്പെടുന്ന കാലം വിദൂരമല്ല. 1953 കഴിയും മുമ്പേ അഹ്മദിയത്തിന്റെ ശക്തി നിങ്ങൾക്ക് ബോധ്യപ്പെടും" (അൽഫശൽ 1953 ജനുവരി 3, 16).

1953–ലെ ഖാദിയാനി വിരുദ്ധ പ്രക്ഷോഭത്തെക്കുറിച്ച് അന്വേഷിച്ച ജ. മുനീർ കമീഷൻ റിപ്പോർട്ടിലൊരിടത്ത് ഇക്കാര്യം വ്യക്തമാക്കുന്നു: "വിഭജനാനന്തര സാഹചര്യം അനുകൂലമായി കണ്ടപ്പോൾ അവർ അനഹ്മദികളെ അതിശക്തമായ ഭാഷയിൽ പ്രകോപിപ്പിക്കാൻ തുടങ്ങി.... അഹ്മദിയാ പ്രോപഗണ്ട ശക്തിപ്പെടുത്താൻ നേതൃത്വം അണികളെ ആഹ്വാനം ചെയ്തു. 1953 അവസാനിക്കുമ്പോഴേക്കും മുസ്‌ലിംകൾ മുഴുവൻ അഹ്മദിയത്തിന് കീഴിൽ വരുത്തുകയെന്നതിന്റെ തുറന്ന നോട്ടീസായിരുന്നു അത്" (പേജ് 280).

ഒരു ഭാഗത്ത് ഖാദിയാനികളുടെ ഉപജാപവും ഭീഷണിയും നടക്കുമ്പോൾ തന്നെ പാകിസ്താൻ മുഴുക്കെ, നേരത്തെ മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും തുടങ്ങിവെച്ച ഭരണഘടനാ പ്രക്ഷോഭം ശക്തിപ്രാപിച്ചു. ഇസ്‌ലാമിക ശരീഅത്തും ശരീഅത്തനുസരിച്ചുള്ള നിയമങ്ങളും ഉൾക്കൊള്ളുന്ന ഭരണഘടനയിൽ സ്വാതന്ത്ര്യം ലഭിച്ചതു മുതൽ ആരംഭിച്ച പ്രക്ഷോഭത്തെ അടിച്ചമർത്താൻ മുസ്‌ലിം ലീഗ് ഗവൺമെന്റ് ആവുന്നത്ര ശ്രമിച്ചു. 'കശ്മീർ അപകടത്തിലാണ്, നമ്മുടെ ശ്രദ്ധ മതമാറ്റത്തിലേക്ക് തിരിയരുത്' എന്നാവും ചിലപ്പോൾ പ്രസ്താവന. 'ഇത് ജിഹാദിന്റെ കാലമാണ്; ഭരണഘടനാ നിർമാണത്തിന്റെ സമയമല്ല' എന്നായിരിക്കും മറ്റു ചിലപ്പോൾ പറയുക. മൗലാനാ മൗദൂദിയെ 20 മാസത്തിലേറെക്കാലം ജയിലടച്ചുകൊണ്ട് പ്രക്ഷോഭത്തെ തളർത്താൻ ശ്രമിച്ചെങ്കിലും അത് വിപരീത ഫലമുളവാക്കി.

ഈ സന്ദർഭത്തിൽ, 1951 ജനുവരിയിൽ കറാച്ചിയിൽ മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി

യുടെ അധ്യക്ഷതയിൽ പണ്ഡിത കോൺഫറൻസ് ചേർന്നു. വ്യത്യസ്ത ചിന്താധാരയിലെ മുപ്പതില ധികം പണ്ഡിതന്മാർ പങ്കെടുത്ത യോഗം ഭരണഘടനയുമായി ബന്ധപ്പെട്ട കാര്യത്തിൽ അഭിപ്രായ സമന്വയത്തിലെത്തുന്നതിൽ വിജയിച്ചു. ഏത് ഇസ്‌ലാം? ശീഈകളുടേതോ, സുന്നികളുടേതോ ബ റേൽവികളുടേതോ അഹ്‌ലെ ഹദീസിന്റേതോ എന്ന ചോദ്യത്തിന് ശക്തമായ മറുപടിയായി.

എന്നാൽ പ്രസ്തുത കോൺഫറൻസിൽ വെച്ച് ചില ബദൽ നിർദേശങ്ങൾ രൂപവത്കരിച്ച പ്പോൾ ഖാദിയാനികളെ പ്രത്യേക ന്യൂനപക്ഷ മത വിഭാഗമായി പരിഗണിച്ച് സീറ്റ് റിസർവ് ചെയ്യണ മെന്ന നിർദേശം ചർച്ച ചെയ്തു. മൗദൂദിക്ക് അതിനോട് യോജിപ്പുണ്ടായിരുന്നില്ല. ഇസ്‌ലാമിക ഭര ണഘടനയെന്ന മുഖ്യ നിർദേശം അവഗണിക്കപ്പെടുമെന്നതായിരുന്നു അദ്ദേഹത്തിന്റെ ഭയം. അതു തന്നെ സംഭവിച്ചു. പഞ്ചാബ് മുഴുവൻ ഇളക്കിമറിച്ച ഖാദിയാനി വിരുദ്ധ പ്രക്ഷോഭത്തിൽ നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഏറെ ധനനഷ്ടവുമുണ്ടായി. ഭരണഘടനാ പ്രക്ഷോഭം ഖാദിയാനീ വിരുദ്ധ പ്രക്ഷോഭമായി ഹൈജാക്ക് ചെയ്യപ്പെട്ടു.

## പട്ടാളക്കോടതിയിൽ

മുസ്‌ലിം സംഘടനകളുടെ കൂട്ടായ ആവശ്യങ്ങൾ പരിശോധിക്കുന്നതിനു പകരം ഗവൺമെന്റ് പഞ്ചാബിലെങ്ങും മൂന്ന് മാസത്തേക്ക് മാർഷൽ ലോ പ്രഖ്യാപിച്ചു. പ്രക്ഷോഭകർക്ക് നേരെ തോ ക്കുകൾ ഗർജിച്ചു. നൂറ് കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. സൈനിക കോടതി സ്ഥാപിച്ച് കേസുക ളിൽ വിചാരണാ പ്രഹസനം നടത്തി. നിരവധി പേർക്ക് തടവുശിക്ഷ വിധിച്ചു.

എന്താണ് ഖാദിയാനി പ്രശ്നമെന്ന് സാധാരണക്കാരെ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ മൗലാനാ മൗദൂദി 'ഖാദിയാനി മസ്അല' എന്ന ലഘുകൃതി പ്രസിദ്ധീകരിച്ചു. ഈ കുറ്റം ആരോ പിച്ച് പട്ടാള കോടതി മൗദൂദിക്ക് വധശിക്ഷ വിധിച്ചു. രസാവഹമെന്നല്ലാതെ എന്തു പറയാൻ, പ്രസ്തുത പുസ്തകം അന്ന് നിരോധിച്ചിട്ടുണ്ടായിരുന്നില്ല! അതിന്റെ ലക്ഷക്കണക്കിന് കോപ്പികൾ ചൂടപ്പം പോലെ വിൽക്കപ്പെട്ടു. മുസ്‌ലിം ലോകത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് വധശിക്ഷ റദ്ദാക്കിയെ ങ്കിലും കലാപത്തെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് മുനീർ കമീഷൻ മൗദൂദിയുടെ നിലപാടിനെ വിമർശി ച്ചുകൊണ്ടും ഖാദിയാനികൾക്ക് ഏറെക്കുറെ അനുകൂലമായും റിപ്പോർട്ട് സമർപ്പിച്ചു. കമീഷനെ സ്വാധീനിക്കാനും ഖാദിയാനികൾക്ക് ഏറെ പ്രയാസമുണ്ടായില്ലെന്നത് തന്നെ കാരണം.

1951-ലെ ലിയാഖത്ത് അലി ഖാന്റെ വധത്തിനു പിന്നിൽ ഖാദിയാനികളാണെന്ന് ആക്ഷേപമു യർന്നിരുന്നു. എന്നാൽ അത് സംബന്ധിച്ച അന്വേഷണം എങ്ങുമെത്തിയില്ല. 1954 മുതൽ 58 വരെയുള്ള രാഷ്ട്രീയാനിശ്ചിതത്വത്തിൽ ഖാദിയാനികൾക്ക് ഏറെയൊന്നും ചെയ്യാനായില്ല. എന്നാൽ 1958 ഒക്ടോ ബറിൽ അയ്യൂബ്ഖാൻ അധികാരമേറ്റെടുത്തപ്പോൾ ഖാദിയാനികളുടെ വിധ്വംസക പ്രവർത്തനങ്ങൾ ശക്തിപ്രാപിച്ചു. രാഷ്ട്രീയ പ്രവർത്തനം പാടെ നിരോധിക്കപ്പെട്ടിരുന്ന സന്ദർഭം മുതലെടുത്ത് ഉയർന്ന തസ്തികകൾ സ്വന്തമാക്കാനായി ഖാദിയാനീ ശ്രമം. മിർസാ ഖാദിയാനിയുടെ പൗത്രൻ എം.എം അഹ്മദ് ആസൂത്രണ കമീഷന്റെ ഡെപ്യൂട്ടി ചെയർമാനായി നിയമിതനായി. ഡോ. അബ്ദുസ്സലാം, അയ്യൂബ് ഖാന്റെ ശാസ്ത്ര-സാങ്കേതിക ഉപദേഷ്ടാവായും എം.എൻ ഫാറൂഖി തെരഞ്ഞെടുപ്പ് കമീ ഷൻ ചെയർമാനായും നിയുക്തരായി. ഇവരൊക്കെ ഖാദിയാനി വിശ്വാസികളായിരുന്നു.

1968 ആയപ്പോഴേക്കും ഖാദിയാനികളുടെ സ്വാധീനം വളരെ വർധിച്ചു. പശ്ചിമ പാകിസ്താ നിലെ ഗവർണർ ജനറൽ മുഹമ്മദ് മൂസാ ഖാൻ സംസ്ഥാനങ്ങൾക്കയച്ച തിട്ടൂരത്തിൽ ഏതൊരു വിഭാഗത്തിന്റെയും 'ഇൽഹാമുകളെയും പ്രവചനങ്ങളെയും' വിമർശിക്കുന്നത് നിരോധിക്കുകയും ഈ ഉത്തരവ് ലംഘിക്കുന്ന പത്ര പ്രസിദ്ധീകരണങ്ങൾ നിയന്ത്രിക്കാനും വേണ്ടിവന്നാൽ നിരോധി ക്കാനും എ.ഡി.എമ്മുമാർക്ക് കർശന നിർദേശം നൽകുകയും ചെയ്തു.

## ബംഗ്ലാദേശ് വേർപ്പെടുന്നു

യഹ്‌യാ ഖാൻ അധികാരമേറ്റെടുത്ത ശേഷം പൂർവ പാകിസ്താനോടുള്ള ചിറ്റമ്മ നയം അവിടെ വളരെയേറെ അസ്വസ്ഥതകൾ സൃഷ്ടിച്ചു. പ്രകൃതി ദുരന്തത്തിനിരയായവർക്ക് യാതൊരുവിധ ധന സഹായവും നൽകാൻ ഖാദിയാനി സഹയാത്രികനായ ധനമന്ത്രി കൂട്ടാക്കിയില്ല. കിഴക്കൻ പാകി സ്താനിൽ പുകഞ്ഞുകൊണ്ടിരുന്ന അഗ്നിപർവതം അടുത്ത തെരഞ്ഞെടുപ്പോടെ പൊട്ടുകയായിരു ന്നു. തെരഞ്ഞെടുപ്പിൽ മുജീബുർറഹ്മാൻ വൻ ഭൂരിപക്ഷത്തിന് ജയിച്ചിട്ടും പാകിസ്താന്റെ പ്രധാന മന്ത്രി പദം അദ്ദേഹത്തിന് നൽകിയില്ല. ഭൂട്ടോ അധികാരത്തിൽ വന്നതോടെ ഇന്ത്യാ പാക് യുദ്ധ ത്തിന്റെ രണ്ടാം ഭാഗം തുടങ്ങി. അതോടെ ഖാദിയാനികളുടെ ഉപജാപ ഫലമായി ബംഗ്ലാദേശ് രൂപ

വത്കരണം നടന്നു. പൂർവ പാകിസ്താനിൽ വേരുകളില്ലാത്തതിനാൽ അത് വേർപ്പെടുന്നത് അവശിഷ്ട പാകിസ്താന്റെ ഭരണം കൈപ്പിടിയിലൊതുക്കാൻ എളുപ്പമാവുമെന്ന് അവർ കണക്കുകൂട്ടി. ഈ യുദ്ധത്തിൽ എയർഫോഴ്സ് മേധാവിയായ ഖാദിയാനി സഫർ ചൗധരിയുടെ പ്രവർത്തനങ്ങൾ സംശയകരമായിരുന്നുവെന്ന് ആക്ഷേപമുയർന്നു. വ്യോമസേനയിൽ ഖാദിയാനികളെ കുത്തിനിറച്ചിരുന്നുവെന്നത് രഹസ്യമായിരുന്നില്ല. ബംഗ്ലാദേശികളായ ഉദ്യോഗസ്ഥരെ ധാക്കയിലേക്കയച്ച് തൽസ്ഥാനങ്ങളിൽ സ്വന്തക്കാരെ നിയമിക്കുകയായിരുന്നു സഫർ ചൗധരി.

1974 മെയ് മാസത്തിൽ മുൽത്താനിലെ നിഷ്തർ മെഡിക്കൽ കോളേജ് വിദ്യാർഥികൾ പെഷവാറിലേക്ക് അധ്യയന യാത്ര നടത്തിയത് ഖാദിയാനി കേന്ദ്രമായ റബ്വയിലൂടെയായിരുന്നു. തിരിച്ചുവരുമ്പോൾ സായുധരായ ഖാദിയാനികൾ സ്റ്റേഷനിൽ നിർത്തിയിട്ടിരുന്ന തീവണ്ടിയിലേക്ക് ഇരച്ചുകയറി വിദ്യാർഥികൾക്ക് നേരെ ആക്രമണമഴിച്ചുവിട്ടു. രണ്ട് വിദ്യാർഥികൾ മരിച്ചു. നിരവധി പേർക്ക് മാരകമായി പരിക്കേറ്റു. ഇതിന്റെ പ്രതികരണം പഞ്ചാബിലും സിന്ധിലും രക്തരൂഷിതമായ കലാപമായി പടർന്നു. പാകിസ്താനിലെ ഖാദിയാനിവിരുദ്ധ പ്രക്ഷോഭകർക്ക് തങ്ങളുടെ ശക്തി കാണിച്ചുകൊടുക്കുകയായിരുന്നു ഖാദിയനികളുടെ ഉദ്ദേശ്യം. പക്ഷേ സംഭവിച്ചത് മറിച്ചായിരുന്നു. 1974 സെപ്റ്റംബർ 7–ന് പാകിസ്താൻ നാഷ്നൽ അസംബ്ലി ഖാദിയാനികളെയും ലാഹോരികളെയും അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുന്ന പ്രമേയം പാസ്സാക്കുന്നേടത്തോളം സംഭവഗതികൾ ചെന്നെത്തി.

ഈ നിയമം പക്ഷേ ഏട്ടിലെ പശുവായി മാറുന്നതാണ് പിന്നെ കണ്ടത്. അതിൽ പറഞ്ഞയാതൊരു കാര്യവും നടപ്പിൽ വന്നില്ല. അമുസ്‌ലിം ന്യൂനപക്ഷമെന്ന നിലക്ക് റിസർവ് ചെയ്ത സീറ്റിൽ മത്സരിച്ച ഖാദിയാനികളെ ഖലീഫ ജമാഅത്തിൽനിന്ന് പുറത്താക്കി. തങ്ങൾ അമുസ്‌ലിംകളാണെന്ന് സ്വയം സമ്മതിക്കുന്ന തരത്തിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ചതിനായിരുന്നു ശിക്ഷാ നടപടി.

ഭൂട്ടോയെ അട്ടിമറിച്ച് പട്ടാള മേധാവി ജനറൽ സിയാഉൽ ഹഖ് അധികാരത്തിൽ വന്നതോടെ ഖാദിയാനികളുടെ അധോഗതി ആരംഭിച്ചു. 1984–ൽ അദ്ദേഹം പ്രസിഡൻഷ്യൽ ഓർഡിനൻസ് പുറപ്പെടുവിച്ചു. മുസ്‌ലിം ചിഹ്നങ്ങളും സാങ്കേതിക പദങ്ങളും ഉപയോഗിക്കുന്നതും മുസ്‌ലിംകളോട് ഇഴചേർന്ന് തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളും നിരോധിച്ചു. വധശ്രമമടക്കമുള്ള ചില കേസുകളിൽ പ്രതിചേർക്കപ്പെട്ട ഖാദിയാനീ ഖലീഫക്ക് പാകിസ്താനിലെ ജീവിതം ദുസ്സഹമായിത്തീർന്നു. അദ്ദേഹം യജമാനന്മാരുടെ നാടായ ഇംഗ്ലണ്ടിലേക്ക് രക്ഷപ്പെട്ടു. രാഷ്ട്രീയാഭയം നൽകപ്പെട്ടതോടെ തങ്ങളുടെ ആസ്ഥാനം ഇംഗ്ലണ്ടിലേക്ക് മാറ്റി.

## ഇന്ത്യയിൽ

മറുവശത്ത് ഇന്ത്യയിൽ ഖാദിയാനികൾ ഒന്നടങ്കം കോൺഗ്രസ്സിൽ ചേർന്നു. ഭരണത്തോട് കൂറ് പുലർത്തുക ഖുർആന്റെ കൽപനയാണെന്ന് ന്യായം പറഞ്ഞായിരുന്നു ഇത്. സിയാഉൽ ഹഖ് വന്നതോടെ പാകിസ്താനിൽ ആ കൽപന റദ്ദാക്കപ്പെട്ടതിനെപ്പറ്റി അവർക്ക് മറുപടിയില്ല. മാത്രവുമല്ല, 1977–ൽ കേന്ദ്ര ഭരണത്തിൽ ജനതാ പാർട്ടി വന്നപ്പോൾ ഇനിയെന്ത് ചെയ്യണമെന്ന് ഖലീഫയോട് ആരാഞ്ഞു. വ്യക്തമായ മറുപടി നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഖാദിയാനികൾ അതോടെ പല വഴിക്കായി. പിന്നീട് ബി.ജെ.പിയുടെ നേതൃത്വത്തിൽ എൻ.ഡി.എയും ജനതാ ദളുമൊക്കെ അധികാരത്തിൽ വന്നപ്പോൾ ഖാദിയാനികളുടെ രാഷ്ട്രീയ ഷണ്ഡത്വത്തിന്റെ ഫലമായി, നേരത്തെ പറഞ്ഞ 'ഖുർആന്റെ കൽപന'യും 'പ്രവാചകന്റെ' ചര്യയും അവർക്ക് ഉപേക്ഷിക്കേണ്ടിവന്നു.

## നപുംസക നയം

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ഖാദിയാൻ മുൻസിപ്പൽ കൗൺസിലേക്ക് അഹ്മദിയാ മൊഹല്ലയിൽനിന്ന് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പ്രതിനിധികൾ എന്നും ജയിക്കുന്ന കക്ഷികൾക്കനുകൂലമായി വോട്ടു ചെയ്യുന്നു. അവിടെ അകാലിദളും ബി.ജെ.പിയുമൊക്കെ മാറി മാറി ഭരിക്കുമ്പോൾ രാഷ്ട്രീയ നപുംസകങ്ങളായി രണ്ടംഗങ്ങൾ ഭരണാനുകൂല നിലപാടെടുക്കുന്നു; ന്യായാന്യായങ്ങളോ മറ്റു മൂല്യങ്ങളോ പരിഗണിക്കാതെ.

ഖിലാഫത്ത് ആത്മീയ ഭരണം മാത്രമാണെന്ന് പറയുമ്പോഴും, പറ്റുമെങ്കിൽ യഥാർഥ ഖിലാഫത്ത് നടത്തിക്കളയാമെന്ന ഖാദിയാനീ മോഹത്തിന്റെ ചിറകരിഞ്ഞ മൗലാനാ മൗദൂദിയെയും അദ്ദേഹം സ്ഥാപിച്ച ജമാഅത്തെ ഇസ്‌ലാമിയെയും മുഖ്യ ശത്രുവായി കണ്ട് ഭർത്സിക്കുകയും 'ശത്രുവിന്റെ ശത്രുക്കളെ'യൊക്കെ കൂട്ടി ജമാഅത്തിനെ നിരോധിക്കാൻ വേണ്ടി കേസ് കൊടുക്കുകയും ചെയ്യുന്നത് വിദ്വേഷത്തിന്റെ കനലെരിയുന്ന മനസ്സിനെ ആശ്വസിപ്പിക്കാൻ വേണ്ടി മാത്രമാണ്.

അവർക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. മറിച്ച് ഇക്കാര്യത്തിൽ അവരെ സഹായിക്കുന്നവരാണ് സമുദായത്തിന്റെ കപ്പലിന് ദ്വാരമുണ്ടാക്കുന്നത്. ■